9932
16/5/18

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പ്- അട്ടപ്പാടി സർക്കാർ ഐ. ടി. ഐയിൽ അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് തസ്തിക സൃഷ്ടിച്ചു കൊണ്ട് ഉത്തരവാകുന്നു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

**സ.ഉ.(കൈ) നം./23/2018/തൊഴിൽ** തീയതി,തിരുവനന്തപുരം, 07/05/2018

പരാമർശം:- 1) 28.11.2017 ലെ കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 5725/09/LA2/2015/KeSCPCR നമ്പർ ഉത്തരവ്

2) ട്രെയിനിംഗ് ഡയറക്ടറുടെ 26/01/2018 ലെ ഐ4/2320/18 നം കത്ത്.

**ഉത്തരവ്**

പരാമർശം 1 ലെ കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരം അട്ടപ്പാടി സർക്കാർ ഐ.ടി.ഐ-യിൽ ഒരു അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് തസ്തിക എത്രയും വേഗം സൃഷ്ടിക്കണമെന്ന് ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ടി ആവശ്യത്തിലേയ്ക്കായി ശിപാർശ സമർപ്പിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി സർക്കാർ ഐ.ടി.ഐ-യിൽ പുതുതായി നിർമ്മിച്ച ഹോസ്റ്റലിന്റെ നടത്തിപ്പിനായി ഒരു അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് (25200-54000 ശമ്പള സ്കെയിലിൽ) തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടോം ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (743730/H&L B1/23/2018/ധന തീയതി 07/03/2018 പ്രകാരം)
പൊതുഭരണ എസ്.സി വകുപ്പ് ( ഇനം. നമ്പർ 2100)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Bindu
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 24-04-2018**

ഫയൽ നം.സി3/53/2018/തൊഴിൽ ഇനം നം: 2100

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - അട്ടപ്പാടി സർക്കാർ ഐ.ടി.ഐ.- യിൽ പുതുതായി നിർമ്മിച്ച ഹോസ്റ്റലിന്റെ നടത്തിപ്പിനായി ഒരു അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് (25200-54000) തസ്തിക അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Paul Antony

പോൾ ആന്റണി
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

Issue orders

Tom 
24/4/18

JS S

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | : C3/53/2018/തൊഴിൽ |
| 2. വകുപ്പ് | : തൊഴിലും നൈപുണ്യവും (സി) വകുപ്പ് |
| 3. വിഷയം | അട്ടപ്പാടി സർക്കാർ ഐ.ടി.ഐ-യിൽ പുതുതായി നിർമ്മിച്ച ഹോസ്റ്റലിന്റെ നടത്തിപ്പിനായി ഒരു അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് (25200 -54000) തസ്തിക അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 09/04/2018 |
| 5. (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : ഉണ്ട് |
| (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട്<br>: ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീ. ശിവദാസൻ.ഇ.കെ. |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. രാജീവ് സദാനന്ദൻ ഐ.എ.എസ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 11/04/2018 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. പോൾ ആന്റണി ഐ.എ.എസ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 12-04-2018 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ടി.പി.രാമകൃഷ്ണൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 16/04/2018 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 17/04/2018 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി സർക്കാർ ഐ.ടി.ഐ-യിൽ പുതുതായി നിർമ്മിച്ച ഹോസ്റ്റലിന്റെ നടത്തിപ്പിനായി ഒരു അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് (25200 -54000) തസ്തിക എത്രയും വേഗം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ട്രെയിനിംഗ് ഡയറക്ടർ നൽകിയ അപേക്ഷ സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ 28.11.2017 ലെ 5725/09/LA2/2015/KeSCPCR നമ്പർ ഉത്തരവ് പ്രകാരം ഹോസ്റ്റൽ നടത്തുന്നതിനായി വേണ്ടുന്ന തസ്തികകൾ എത്രയും വേഗം സൃഷ്ടിക്കേണ്ടതുണ്ടെന്ന് ശിപാർശ ചെയ്തിരുന്നു. പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് 3,86,464/- രൂപയുടെ വാർഷിക ചെലവ് പ്രതീക്ഷിക്കുന്നുണ്ട്.

3) ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി സർക്കാർ ഐ.ടി.ഐ- യിൽ പുതുതായി നിർമ്മിച്ച ഹോസ്റ്റലിന്റെ നടത്തിപ്പിനായി ഒരു അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് തസ്തിക 25200 -54000 ശമ്പള സ്കെയിലിൽ അനുവദിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകുന്നു.

ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്. "

4) പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി സർക്കാർ ഐ.ടി.ഐ-യിൽ പുതുതായി നിർമ്മിച്ച ഹോസ്റ്റലിന്റെ നടത്തിപ്പിനായി ഒരു അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് (25200 -54000) തസ്തിക അനുവദിക്കുന്നതിന് അനുമതി നൽകാവുന്നതാണോ?